**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3183** **13-07-2022 - ൽ മറുപടിയ്ക്ക്**

**സ്കൂൾ തലത്തിൽ കായിക പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പുതുതലമുറയുടെ കലാകായിക കഴിവുകളെ പരിപോഷിപ്പിക്കാൻ സ്കൂൾ തലത്തിൽ കായിക പരിശീലനത്തിന് പ്രത്യേക സൗകര്യങ്ങൾ നൽകുവാൻ നടപടി സ്വീകരിക്കുമോ ; | (എ) | കായിക വിദ്യാഭ്യാസവും, കായിക പരിശീലനവുമായി ബന്ധപ്പെട്ട് നിലവിലുള്ള പാഠ്യപദ്ധതിയ്ക്ക് അനുസൃതമായ എല്ലാ സൗകര്യങ്ങളും പൊതുവിദ്യാലയങ്ങളിൽ ലഭ്യമാണ്. തുടർന്ന് വരുന്ന പാഠ്യപദ്ധതി പരിഷ്കരണത്തിലും ആയത് നിലനിർത്തി പോരുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും. സ്കൂൾ തലത്തിൽ കായിക പ്രതിഭകളെ കണ്ടെത്തുന്നതിനും പരിശീലനം നൽകുന്നതിനുമായി ഗ്രാസ് റൂട്ട് പരിശീലന പദ്ധതികളായ ഗോൾ. ഹൂപ്സ്, സ്പ്രിന്റ്, ജൂഡോക്ക്, പഞ്ച് എന്നിവയും, ഫുട്ബോൾ താരങ്ങളെ വളർത്തിയെടുക്കുന്നതിനായി സ്പോർട്സ് കേരള എലൈറ്റ് റെസിഡൻഷ്യൽ ഫുട്ബോൾ അക്കാദമിക് പദ്ധതിയും കായിക യുവജനകാര്യാലയത്തിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ നടപ്പിലാക്കിവരുന്നുണ്ട്. |
| (ബി) | കലാകായിക പരിശീലനങ്ങളും വിവിധതരം വിദ്യാർത്ഥി ക്ലബ്ബുകളും എല്ലാ സ്കൂളുകളിലും നിർബന്ധമാക്കുകയും അതിന്റെ മികവിന് ഓരോ ക്ലാസ്സിലും ഗ്രേസ് മാർക്ക് നൽകുന്നതിനും നടപടികൾ ഉണ്ടാകുമോ ; | (ബി) | നിലവിൽ പരിഗണനയിലില്ല. |
| (സി) | പ്രൈമറി,അപ്പർ പ്രൈമറി തലങ്ങളിൽ തന്നെ പ്രതിഭകളെ കണ്ടെത്തുന്ന പുതിയ പദ്ധതികൾ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (സി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ